## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 992** **31-01-2024 - ൽ മറുപടിയ്ക്ക്**

## തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ അതിർത്തി പുനർനിർണയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തട്ടേക്കാട് പക്ഷിസങ്കേതത്തിൽ ഉൾപ്പെട്ട ജനവാസ മേഖല ഒഴിവാക്കി അതിർത്തി പുനർനിർണയം നടത്തുന്നതിനുള്ള വന്യജീവി ബോർഡിന്റെ തീരുമാനം നടപ്പാക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | സംസ്ഥാന വന്യജീവി ബോർഡിന്റെ 19.01.2023-ന് ചേർന്ന യോഗ നടപടി കുറിപ്പിലെ അജണ്ടാ നം. 7.1 ലെ തീരുമാന പ്രകാരം ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനിലെ തട്ടേക്കാട് പക്ഷി സങ്കേതത്തിലെ ജനവാസ മേഖല പക്ഷി സങ്കേതത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള പ്രൊപ്പോസൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിന് സമർപ്പിച്ചിരുന്നു. ടി പ്രൊപ്പോസലിലെ മാപ്പുകളിലെ അപാകതകൾ പരിഹരിച്ച് സമർപ്പിക്കുവാൻ 30.12.2023 ലെ ഡി2/111/2020/ വനം കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് അന്തിമ ഘട്ടത്തിലാണ്. |
| (ബി) | 1983ൽ പക്ഷിസങ്കേതം നിലവിൽ വന്നപ്പോൾ സങ്കേതത്തിനുള്ളിൽപ്പെട്ട ജനവാസ മേഖലയിൽപ്പെടുന്ന പട്ടയഭൂമിയാണോ മേൽപ്പറഞ്ഞ പ്രകാരം പുനർനിർണയത്തിലൂടെ ഒഴിവാക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | തട്ടേക്കാട് പക്ഷി സങ്കേതത്തിനുള്ളിലെ മുഴുവൻ ജനവാസ മേഖലയും ഒഴിവാക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസലാണ് തയാറാക്കിവരുന്നത്. |
| (സി) | അതിർത്തി പുനർനിർണയം സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി വിഷയം ദേശീയ വന്യജീവി ബോർഡിന് കൈമാറുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഉണ്ട്. സംസ്ഥാന വന്യജീവി ബോർഡിന്റെ 19.01.2023-ന് ചേർന്ന യോഗ നടപടി കുറിപ്പിലെ അജണ്ടാ നം. 7.1 ലെ തീരുമാന പ്രകാരം ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനിലെ തട്ടേക്കാട് പക്ഷി സങ്കേതത്തിലെ ജനവാസ മേഖല പക്ഷി സങ്കേതത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള പ്രൊപ്പോസൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിന് സമർപ്പിച്ചിരുന്നു. ടി പ്രൊപ്പോസലിലെ മാപ്പുകളിലെ അപാകതകൾ പരിഹരിച്ച് സമർപ്പിക്കുവാൻ 30.12.2023 ലെ ഡി2/111/2020/വനം കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ